<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഒന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 822</u> <u>30.06.2011 - ൽ മറുപടിക്ക്</u>

# <u>സുനാമി പുനരധിവാസ പണ്ട്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| .... | .... |
| (എ) സുനാമി പുനരധിവാസ ഫണ്ട് മുഴുവൻ വിനിയോഗിക്കാൻ കഴിഞ്ഞുവോ ; | (എ) മുഴുവനായി വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ എന്തു തുക ഇനി ബാക്കിയുണ്ടെന്ന് അറിയിക്കുമോ ; | (ബി) സുനാമി പുനരധിവാസ പദ്ധതിക്കായി അധിക കേന്ദ്രസഹായമായി കേന്ദ്രസർക്കാർ അനുവദിച്ച 1148 കോടി രൂപയിൽ 1082.05 കോടി രൂപ വിവിധ പദ്ധതി നിർവ്വഹണ യൂണിറ്റുകൾക്കും, ഭവനനിർമ്മാണത്തിനായി ജില്ലാ കളക്ടർമാർക്കും അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 66 കോടി രൂപ പദ്ധതി നിർവ്വഹണ യൂണിറ്റുകളും ജില്ലാ കളക്ടർമാരും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. |
| (സി) സുനാമി ഫണ്ട് വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ചതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ? | (സി) സുനാമി പുനരധിവാസ പദ്ധതിക്കായി കേന്ദ്രസർക്കാർ, ഏഷ്യൻ വികസന ബാങ്ക് എന്നിവിടങ്ങളിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള തുക ഫിഷറീസ് വകുപ്പ്, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്, കേരള വാട്ടർ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, കൃഷി വകുപ്പ്, ജലവിഭവ വകുപ്പ്, വനം വകുപ്പ്, ശാസ്ത്രസാങ്കേതിക വകുപ്പ്, വിനോദസഞ്ചാര വകുപ്പ് എന്നിവ മുഖേനയും ജില്ലാ കളക്ടർമാർ മുഖേനയുമാണ് ചെലവഴിക്കുന്നത്. മത്സ്യബന്ധന- ജീവനോപാധി പ്രവൃത്തികൾ, കാർഷിക-കാർഷികേതര ജീവനോപാധി പ്രവൃത്തികൾ, റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം/ പുനരുദ്ധാരണം, ഫിഷ്‌ലാന്റിംഗ് സെന്ററുകളുടെയും ഫിഷിംഗ് ഹാർബറുകളുടെയും പുനരുദ്ധാരണം, സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും, ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, ഉപകരണങ്ങൾ ലഭ്യമാക്കൽ, അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം, ജൈവകവച നിർമ്മാണം, കടൽഭിത്തി നിർമ്മാണവും നദീതീരസംരക്ഷണവും, ബീച്ചുകളുടെ സൗന്ദര്യവൽക്കരണം, തീരദേശ വൈദ്യുതീകരണം എന്നീ പ്രവൃത്തികളാണ് വിവിധ പദ്ധതിനിർവ്വഹണ യൂണിറ്റുകൾ മുഖേന നടപ്പിലാക്കിയിട്ടുള്ളത്. ഇതു കൂടാതെ അപകടകരമായ സാഹചര്യങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള തീരദേശ പുനരധിവാസ പദ്ധതിയും, കൊല്ലം ജില്ലയിലെ |

ആലപ്പാട്, ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ അന്ധകാരനഴി, എറണാകുളം ജില്ലയിലെ എടവനക്കാട് എന്നിവിടങ്ങളിൽ സ്പെഷ്യൽ പാക്കേജും ജില്ലാ കളക്ടർ മുഖേന നടപ്പിലാക്കി വരുന്നു. ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തോടെയുള്ള ജപ്പാൻ ദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി വിവിധ മത്സ്യ-മത്സ്യേതര ജീവനോപാധി പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | സുനാമി ഫണ്ട് ഉപയോഗിച്ച് എത്ര വീടുകൾ ഇതുവരെ നിർമ്മിച്ച് നൽകിയെന്ന് അറിയിക്കുമോ : | (ഡി) | സുനാമി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച 7459 വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |
| ഇ) | പുനരധിവാസ ഫണ്ട് സുനാമി ബാധിതമല്ലാത്ത പ്രദേശങ്ങളിൽ ചെലവഴിച്ചു എന്ന പരാതി ലഭിച്ചിട്ടുണ്ടോ ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ.